ക്കാടുകൾ ഉള്ള സ്ഥലങ്ങളിൽ നാശനഷ്ട ങ്ങൾ കുറവായിരുന്നു. കണ്ടൽക്കാടുകൾ സം രക്ഷിക്കാനായി ചിലവഴിച്ച രൂപയും സുനാമി മൂലമുണ്ടായ നാശനഷ്ടവും തമ്മിൽ താരത മ്യപ്പെടുത്തിയാണ് ഈ മൂല്യം കണ്ടെത്തിയ ത്. അതായത് നാശനഷ്ടങ്ങൾ നികത്താനാ യി ചിലവഴിക്കുന്ന പണവും നാശം വരാതിരി ക്കാനുള്ള മുൻകരുതലായി പരിസ്ഥിതി വിഭ വങ്ങൾ സംരക്ഷിക്കാനാവശ്യമായ പണവും ത മ്മിലുള്ള വ്യത്യാസം കണക്കാക്കിയാണ് ഒരു പാരിസ്ഥിതിക ഘടകത്തിന്റെ മൂല്യം നിർണ്ണ യിക്കുന്നത് എന്നു സാരം. മാർക്കറ്റ് വില അ നുസരിച്ച് ഈ മൂല്യം കൂടിയും കുറഞ്ഞുമിരി ക്കും.

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലും ഇതുസം ബന്ധിച്ച പരാമർശമുണ്ട്. കാടു സംരക്ഷിക്കു ന്ന ആദിവാസികൾക്ക് അതിന്റെ മൂല്യം നൽ കണമെന്നാണ് അദ്ദേഹം പറയുന്നത്. നെൽ വയലുകളുടെ കാര്യത്തിലും ഇതേ മൂല്യം നിർ ണ്ണയിക്കപ്പെടണം. നെൽവയൽ സംരക്ഷിക്കു ന്ന കർഷകർക്ക് നിശ്ചിത തുക പാരിസ്ഥിതി ക മൂല്യമെന്ന നിലയിൽ നൽകണം. എൽ.ഡി. എഫിന്റെ ഇലക്ഷൻ മാനിഫെസ്റ്റോയിൽ ഇത് നൽകുമെന്ന വാഗ്ദാനം ഉണ്ടായിരുന്നു. നെൽ വയലുകൾ പൂർണ്ണമായും മാപ്പിംഗ് ചെയ്ത് വനം റിസർവ് ചെയ്യുന്നതുപോലെ റിസർവ്വാ യി പ്രഖ്യാപിച്ച് സംരക്ഷിക്കുമെന്നും പ്രസ്തു ത മാനിഫെസ്റ്റോയിൽ പറയുന്നുണ്ട്. ഒന്നും യാഥാർത്ഥ്യമായില്ല എന്നുമാത്രം. കൈവശാ വകാശം സ്വകാര്യ വ്യക്തികൾക്കാണെങ്കിലും ഭൂമി പരിവർത്തനം ചെയ്യാൻ പാടില്ല എന്ന കർ ശനനിയമം കൊണ്ടുവരാമായിരുന്നു. കർഷകന് എല്ലാവിധ ആനുകൂല്യങ്ങളും നൽകാൻ സർ ക്കാർ തയ്യാറാകണം. ഒരിഞ്ചു ഭൂമി പോലും ത രിശിടരുത് എന്നാണ് കൃഷിമന്ത്രി ആഹ്വാനം ചെയ്യുന്നത്. വെറുതെ പറഞ്ഞുപോകുക എ ന്നതിനുമപ്പുറം അത്ര എളുപ്പമുള്ള കാര്യമല്ല എന്നതാണ് യാഥാർത്ഥ്യം. ■

നെൽവയൽ–തണ്ണീർത്തട നിയമം നടപ്പിലാക്കിയ കാലത്തെ കൃഷി വകുപ്പ് മന്ത്രിയും സി.പി.ഐ നേതാവുമായ

**മുല്ലക്കര രത്നാകരൻ**

# കൃഷി ലാഭകരമാകാതെ പരിഹാരമില്ല

**കേരളത്തിന്റെ** പരിസ്ഥിതിയുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാ ഘടകങ്ങളും–കരകൃഷിയാണെ ങ്കിലും, നമ്മുടെ ഭക്ഷ്യോത്പാദന മേഖലയാണെങ്കി ലും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട വൈക്കോ ലിന്റെ ഉത്പാദനമാണെങ്കിലും ജലസംരക്ഷണമാണെ ങ്കിലും കാലാവസ്ഥാ നിയന്ത്രണമാണെങ്കിലും— വ യലിന്റെയും ജലത്തിന്റെയും സംരക്ഷണവുമായി ബ ന്ധപ്പെട്ടാണ് നിൽക്കുന്നത്. 2008 ആകുമ്പോഴേക്കും അത് പാടെ തകർന്ന അവസ്ഥയിലായിരുന്നു. 8.36 ലക്ഷം ഹെക്ടറിൽ നിന്ന് 2.34 ലക്ഷം ഹെക്ടറിലേ ക്ക് നെൽകൃഷി ചുരുങ്ങിപ്പോയിരുന്നു. അതായത് കേ രളീയ സമൂഹത്തിന്റെ സാംസ്കാരിക കാർഷിക ബോധത്തിൽ നിന്ന് നെൽകൃഷിയുടെ ആവശ്യകത മാഞ്ഞുതുടങ്ങിയിരുന്നു. കുട്ടനാട്ടിലും തൃശൂരിലെ കോൾപ്പാടങ്ങളിലും പാലക്കാട്ടുമൊക്കെ കുറച്ച് നെൽവയലുകൾ ബാക്കി നിന്നതൊഴിച്ചാൽ ബാക്കി യെല്ലാം പകുതിയിലധികവും നികത്തപ്പെട്ടു. പണ മുണ്ടെങ്കിൽ ഈ വയലുകളെല്ലാം വാങ്ങി നികത്താമെന്ന ഒരു തെറ്റായ ബോധത്തിലേക്ക് കേ രളം എത്തിയിരുന്നു. ഒരുപക്ഷെ ഈ നിയമം പോ ലും നടപ്പിലാവാതിരുന്നെങ്കിൽ ഇന്ന് ഒരു സെന്റ് നെൽവയൽ പോലും ഇല്ലാത്ത അവസ്ഥ കേരള ത്തിൽ ഉണ്ടാകുമായിരുന്നു.

നിയമം നടപ്പിലായ വർഷം നെൽകൃഷിയുടെ അ ളവ് വർദ്ധിക്കുകയും ചെയ്തിരുന്നു. അതായത് നെൽ കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ഒരു പൊതു ബോധം നിയമത്തിലൂടെ സൃഷ്ടിക്കാൻ കഴിഞ്ഞു എന്നതിന്റെ തെളിവാണിത്. ആ ബോധം ഒരു വെ ള്ളപ്പൊക്കം പോലെ വളർന്നില്ലെങ്കിലും വറ്റിവരണ്ടു കിടക്കുന്ന നദിയിൽ ഒരു ചെറുമഴ കൊണ്ട് നീരൊ ഴുക്കുണ്ടാകുന്നതുപോലെ കേരളത്തിലെ പൊതുസ മൂഹത്തിന് കൃഷിയോടുള്ള താത്പര്യം വർദ്ധിച്ചു. പലവിധ കാരണങ്ങളാൽ അത് വലിയ തോതിൽ മു ന്നോട്ടുപോയില്ല. ആറന്മുളയിൽ വയൽ നികത്തി വിമാനത്താവളം നിർമ്മിക്കാമെന്നും മെത്രാൻ കാ യൽ നികത്തി ടൂറിസം പദ്ധതി കൊണ്ടുവരാമെന്നു മുള്ള ബോധം അപ്പോഴും പോയിട്ടുണ്ടായിരുന്നില്ല. ഇതെല്ലാം നികത്തുന്നത് ഒരു പ്രശ്നമല്ല എന്ന ചി ന്തയിലേക്ക് കേരളത്തിന്റെ മധ്യവർഗ്ഗത്തെ എത്തി ക്കുന്നതിൽ സ്വകാര്യ–കോർപ്പറേറ്റ് ശക്തികൾ വിജ യിച്ചു എന്നുവേണം കരുതാൻ. വികസനത്തിന്റെ പേ രുപറഞ്ഞ് ഇത്തരത്തിലുള്ള തെറ്റായ നീക്കങ്ങൾ ന ടത്തുന്നതിൽ സർക്കാരുകൾ പോലും അനുഭവപൂർ ണ്ണമായ സമീപനങ്ങളാണെടുക്കുന്നത്. ആ ഗവൺ മെന്റിൽ തന്നെ ആറന്മുള പദ്ധതിയോട് വിയോജി പ്പുള്ളവരുണ്ടായിരുന്നു. ഈ നിയമം വന്നതിനു ശേ

ഷം ഭരണകക്ഷിക്കുള്ളിൽ തന്നെ പരിസ്ഥിതിക്കനുകൂലമായ നിലപാടുകൾ ഉരുത്തിരിഞ്ഞു. നിയമത്തിന്റെ ഏറ്റവും പ്രധാനഭാഗവും നമ്മുടെ പരിസ്ഥിതി സംരക്ഷിക്കപ്പെടേണ്ടതാണ് എന്നതായിരുന്നു. താത്കാലികമായ അഭിവൃദ്ധി മാത്രമല്ല ഭാവിയിലേക്ക് കൂടി ചിലത് നിലനിർത്തുകയും മാറ്റിവെക്കേണ്ടതുമാണെന്ന് പലരും തിരിച്ചറിഞ്ഞു. പക്ഷെ പിന്നീടുവന്ന യു.ഡി.എഫ് സർക്കാർ ആ അർത്ഥത്തിൽ നിയമം നടപ്പാക്കിയില്ല. പ്രബലശബ്ദം വൻകിട ലോബികൾക്കുവേണ്ടി നിലംനികത്താനും ചെറിയശബ്ദം അതിനെ എതിർക്കാനുമാണുണ്ടായത്.

ഇപ്പോൾ എൽ.ഡി.എഫ് സർക്കാർ വന്ന ശേഷം ഉണ്ടായിരിക്കുന്ന ഭേദഗതിക്കനുബന്ധമായി ചില കാര്യങ്ങൾ കൂടി ഈ നിയമത്തിലൂടെയോ അല്ലാതെയോ നടപ്പാക്കേണ്ടതുണ്ട്. നെൽകൃഷി ചെയ്യാൻ ആളുകൾ മടിക്കുന്നത് കൃഷിയോടുള്ള താത്പര്യത്തിനപ്പുറം അത് സാമ്പത്തികമായി മെച്ചം തരുന്ന ഒരു പ്രവർത്തനമല്ല എന്ന ഒരു ബോധമുള്ളതുകൊണ്ടാണ്. മഴവന്നാലോ, വരൾച്ച വന്നാലോ, കീടങ്ങൾ പെരുകിയാലോ, വിളഞ്ഞത് കൊയ്തെടുക്കാൻ ആളില്ലാതായാലോ, കൊയ്തെടുത്തവ പെട്ടെന്ന് വിൽക്കാൻ കഴിയാതെ വന്നാലോ എല്ലാം നശിക്കുമെന്ന ആശങ്കകളാണ് അവരെ കൃഷിയിൽ നിന്നും പിന്തിരിപ്പിക്കുന്നത്. ഇത്തരം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട് എന്നതിനാൽ നെൽകൃഷി ചെയ്യുന്ന കർഷകരുടെ എല്ലാ നഷ്ടങ്ങളും നികത്തികൊടുക്കാനും അത് ലാഭകരമാക്കാനുമുള്ള ഒരു സംവിധാനം ഈ ഭേദഗതിയിലൂടെ സൃഷ്ടിക്കാൻ പറ്റും. നിലം നികത്തുക എന്നതു കുറ്റകരമായതിനാൽ കേരളത്തിൽ ഇപ്പോഴുള്ള ആറ് ലക്ഷത്തോളം ഹെക്ടർ കുറ്റം ചെയ്ത ഭൂമിയാണ്. ഭൂമിയുടെ മുകളിലൊരു കുറ്റമുണ്ട്. ഇല്ലാതാക്കണമെങ്കിൽ സർക്കാരിന് ആ ഭൂഉടമസ്ഥൻ ഒരു നിശ്ചിത തുക പിഴ കൊടുക്കണം. പിഴയിനത്തിൽ വരുന്ന ഈ തുക കൃഷി ചെയ്തുകൊണ്ടിരിക്കുന്ന കർഷകന് അവകാശപ്പെട്ടതാണ്. ആരൊക്കെയോ ഇപ്പോഴും കൃഷി ചെയ്യുന്നതുകൊണ്ടാണ് അൽപ്പമെങ്കിലും ജലം സംരക്ഷിക്കപ്പെടുന്നത്. ആറ് ലക്ഷം ഹെക്ടർ ഭൂമി കണ്ടെത്തി പിഴ ഈടാക്കിയേതീരൂ. കർഷകന് കൃഷി ലാഭകരമായി നിലനിർത്താൻ കഴിയുന്നതരത്തിൽ ഈ തുക എങ്ങിനെ ഉപയോഗിക്കാം എന്നതുസംബന്ധിച്ച ഒരു നയം കൂടി സർക്കാർ രൂപീകരിക്കണം. അതുകണ്ടെത്തി പൊതുബഡ്ജറ്റിലേക്കോ മറ്റാവശ്യങ്ങൾക്കോ വേണ്ടിയല്ല ഉപയോഗിക്കേണ്ടത്. റബ്ബർകൃഷി ചെയ്യുന്ന ഒരാളെക്കാൾ നെൽകൃഷി ചെയ്യുന്നയാൾക്ക് ലാഭമുണ്ടാകുന്ന കാലം വരണം.

കരഭൂമിക്കാണ് ഇപ്പോൾ വിലകൂടുതലുള്ളത്. പണ്ടുകാലങ്ങളിൽ നിലത്തിനായിരുന്നു വില കൂടുതൽ. നികത്തിയ നിലത്തിന് വില കൂടുതലും കൃഷിചെയ്യുന്ന സ്ഥലത്തിന് വില കുറവുമാണ്. അങ്ങനെ സംഭവിച്ചുകൂടാ. നിലത്തിനായിരിക്കണം വില കൂടുതൽ നിശ്ചയിക്കേണ്ടത്. കരനിലത്തെക്കാൾ മൂല്യം കൂടുതൽ നിലത്തിനാണെങ്കിലും അതിന് വില കുറവു തന്നെയാണ്. ഒരു ഏക്കർ നിലം പണയംവെച്ചാൽ കുറഞ്ഞ പണമെ കിട്ടുകയുള്ളൂ. കരഭൂമിയിൽ കൃഷി ചെയ്യുന്നതിനെക്കാൾ മൂല്യം വയൽകൃഷി ചെയ്യുന്നതിന് ലഭിച്ചാൽ തന്നെ നിലത്തിന് വില കൂടും. ജപ്പാനിലെ ടോക്യോ നഗരത്തിൽ കൃഷി ചെയ്യുന്ന ഭാഗത്തെ 'നഗരത്തിന്റെ ശ്വാസകോശം' എന്നാണു പറയുന്നത്. ഇതിന് അവിടുത്തെ കർഷകർക്ക് പ്രത്യേക സാമ്പത്തികസഹായങ്ങളും നൽകുന്നുണ്ട്. മറ്റു ഉദ്യോഗസ്ഥരെക്കാൾ കൂടുതൽ ശമ്പളമുണ്ടവർക്ക്. എന്നാൽ കേരളത്തിൽ ഇതല്ല അവസ്ഥ. വയലിനും കൃഷിക്കും കർഷകനും യാതൊരു വിലയുമില്ല. നിയമത്തിനൊപ്പം കർഷകർക്ക് സാമ്പത്തിക സഹായം ഉറപ്പുനൽകുന്ന ഒരു ഫണ്ട് കൂടി പാസാക്കണം. കൂടുതൽ ആളുകളെ കൃഷിയിലേക്ക് ആകർഷിക്കാൻ ഇതു കാരണമാകും. നെൽകൃഷിയിൽ നിന്നും എന്തുകൊണ്ടാണ് കർഷകർ പിന്തിരിയുന്നത് എന്നതിനെ സംബന്ധിച്ച പഠനങ്ങളൊന്നും ഈ നിയമത്തിന്റെ ഭാഗമായി നടന്നിട്ടില്ല.

യുവത്വത്തെ കൃഷിയിലേക്ക് ആകർഷിക്കാൻ കഴിയണം. നമ്മുടെ വയറും വയലുമാണ് ഏറെയും ബന്ധപ്പെട്ടുകിടക്കുന്നത്. വയറെവിടെയുണ്ടോ അതിനു സമീപമായി തന്നെ ഒരു വയലുണ്ടാകും. അതായത് മനുഷ്യരുള്ളിടത്തെല്ലാം വയലുണ്ടായിരുന്നു. എന്നാലേ നമ്മുടെ വയറ് നിറയൂ. വയറ് നിറഞ്ഞാലേ ആരോഗ്യമുണ്ടാകൂ. വികസനമെന്ന വാക്കിന് കേരളത്തിൽ മാത്രം വേറെ നിർവചനമാണ്. മറ്റെല്ലായിടത്തും അതിന് അതാതു ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട വികസനം എന്നാണ് നിർവചനം. പ്രകൃതിയെ നശിപ്പിച്ചുകൊണ്ടുള്ള വികസനം താത്കാലികവും നാളേക്ക് ദുരന്തം സൃഷ്ടിക്കുന്നതുമായിരിക്കും. പക്ഷെ പ്രകൃതിയെ തകർത്തുകൊണ്ടാണ് കേരളം വികസിക്കാൻ ശ്രമിക്കുന്നത് എന്നതാണ് ദൗർഭാഗ്യകരം.■


**നാളത്തെ ലോകം നമ്മുടേത്**

**കേരള റാലി**

**കാസർഗോഡ് നിന്നും തിരുവനന്തപുരത്തേക്ക്**

**സെപ്തംബർ 22 മുതൽ നവംബർ 1 വരെ**

ബന്ധങ്ങൾക്ക്: 6235155252